ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 11.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മൗറീഷ്യസുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മൗറിഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രാംഗൂലവുമായി പ്രധാനമന്ത്രി ഉഭയ കക്ഷി ചർച്ച നടത്തി.

   **Prime Minister Narendra Modi said that India is committed to strengthen its ties with Mauritius. The Prime Minister held bilateral talks with Mauritian Prime Minister Naveen Chandra Ramgoolam.**

2. ഡെങ്കു, മലേറിയ വ്യാപനം തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി കേന്ദ്ര മന്ത്രി ജെ പി നഡ്ഡ

   **Union Minister JP Nadda has directed the states to intensify preventive measures to prevent the spread of dengue and malaria**

3. കേരള നിയമസഭ മുൻ സ്പീക്കറും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന പി പി തങ്കച്ചൻ അന്തരിച്ചു. അനുശോചിച്ച് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ള പ്രമുഖർ

   **Former Kerala Assembly Speaker and senior Congress leader P P Thankachan passed away. Chief Minister, the Leader of the Opposition and other eminent figures expressed their condolences**

4. രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി മേഖലയ്ക്ക് പുത്തൻ ഉണർവേകി 102 പുതിയ ഫിഷറീസ് സ്ഥാപനങ്ങൾക്ക് കൂടി യൂറോപ്യൻ യൂണിയൻ അംഗീകാരം.

102 fisheries establishments from India added to European Union approved list, giving a new impetus to the country's seafood export sector.

5. നേപ്പാളിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുമെന്ന് പ്രസിഡന്റ് രാമചന്ദ്ര പൗഡൽ. ഇടക്കാല സർക്കാർ രൂപീകരണത്തിനുള്ള ചർച്ച തുടരുന്നു.

President Ramachandra Poudel says that all possible efforts will be made to resolve the problems in Nepal. Discussions for the formation of an interim government are ongoing.

6. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശും ഹോങ്കോങ്ങും തമ്മിൽ ഏറ്റുമുട്ടും.

Bangladesh and Hong Kong to clash today in Asia Cup cricket

❁❁❁❁❁❁❁❁❁❁❁❁❁

## PM VARANASI (INTRO)

ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വാരാണസിയിൽ മൗറിഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രാംഗൂലവുമായി ശ്രീ മോദി ഉഭയ കക്ഷി ചർച്ച നടത്തി. ഇരു രാജ്യങ്ങളുടേയും സ്വപ്നങ്ങളും ലക്ഷ്യങ്ങളും സമാനമാണെന്ന് ചർച്ചക്ക് ശേഷം നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയ്ക്ക് പുറത്തുള്ള ആദ്യത്തെ ജൻ ഔഷധി കേന്ദ്രം മൗറീഷ്യസിലാണ് സ്ഥാപിതമായത്. ഐഐടി മദ്രാസും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറേഷൻ മാനേജ്മെൻറും മൗറീഷ്യസ് സർവകലാശാലയുമായി കരാറുകളിൽ ഒപ്പുവച്ചിട്ടുണ്ട്. ഇതെല്ലാം സംയുക്ത സഹകരണത്തിൻറെ തെളിവുകളാണെന്ന് ശ്രീ. മോദി പറഞ്ഞു. (പിഎം വോയിസ്)

ഉഭയകക്ഷി ചർച്ചയുടെ ഭാഗമായി ശാസ്ത്ര സാങ്കേതിക മേഖല,

സമുദ്രശാസ്ത്രം, ഭരണ പരിശീലനം, ടെലിമെട്രി എന്നീ മേഖലകളിലെ നാല് ധാരണാപത്രങ്ങൾ ഇരു രാജ്യങ്ങളും തമ്മിൽ കൈമാറി.

## MEA BRIEFING INTRO

സാംസ്കാരികവും, നാഗരികവും, വംശീയവുമായ വേരുകളുള്ള സവിശേഷ ബന്ധമാണ് ഇന്ത്യയ്ക്കും മൗറീഷ്യസിനുമിടയിൽ ഉള്ളതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി. സമുദ്ര സുരക്ഷ, കടൽക്കൊള്ള, മയക്കുമരുന്ന് കടത്ത് എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടാൻ ഇന്ത്യയും മൗറീഷ്യസും ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ മഹാസാഗർ ദർശനത്തിന്റെ അവിഭാജ്യ ഘടകമാണ് മൗറീഷ്യസ് എന്നും അദ്ദേഹം  മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## NADDA - DENGUE AND MALARIA

ഡെങ്കു, മലേറിയ വ്യാപനം തടയാൻ സംസ്ഥാനങ്ങൾ നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ അവലോകനം ചെയ്തു. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് മുൻഗണന നൽകണമെന്നും പകർച്ചവ്യാധികളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിഷയത്തിൽ 20 ദിവസത്തിനുള്ളിൽ കർമ്മ പദ്ധതികൾ തയ്യാറാക്കാനും സംസ്ഥാന ആരോഗ്യ മന്ത്രിമാരോട് കേന്ദ്രമന്ത്രി നിർദ്ദേശിച്ചു.  2022-24 കാലയളവിൽ 160 ജില്ലകൾ മലേറിയ മുക്തമായതായും ശ്രീ നഡ്ഡ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## PP THANKACHAN

കേരള നിയമസഭ മുൻ സ്പീകറും മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന പി പി തങ്കച്ചൻ അന്തരിച്ചു.  86 വയസായിരുന്നു. വാർധക്യ സഹജമായ അസുഖങ്ങളെത്തുടർന്ന് ആലുവയിലെ ആശുപത്രിയിൽ  ചികിത്സയിലായിരുന്നു. ഇന്ന് വൈകുന്നേരം 4.30ന് ആയിരുന്നു അന്ത്യം. 1982 മുതൽ 1996 വരെ പെരുമ്പാവൂർ എം എൽ എ

ആയിരുന്ന അദ്ദേഹം, 95ൽ എ കെ ആന്റണി മന്ത്രിസഭയിൽ കൃഷി മന്ത്രിയായി. 1991 മുതൽ 95 വരെ സ്പീക്കറായും അദ്ദേഹം പ്രവർത്തിച്ചു.

## CONDOLENCES

മുതിർന്ന കോൺഗ്രസ് നേതാവ് പി പി തങ്കച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, സ്പീക്കർ, മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖർ. വിവാദങ്ങളിൽപ്പെടാതെ സൗമ്യ പ്രകൃതനായി രാഷ്ട്രീയ രംഗത്ത് നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു പി പി തങ്കച്ചനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. നേതൃനിരയിൽ സൗമ്യതയും പ്രാഗത്ഭ്യവും പ്രകടിപ്പിച്ച നേതാവായിരുന്നു തങ്കച്ചനെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു.

## ASHWINI VAISHNAW-MAKE IN INDIA

സ്വയം പര്യാപ്ത ഇന്ത്യയെന്ന ദർശനത്തിനും 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിക്കും കീഴിൽ, രാജ്യം ആഗോള ഐടി, ഇലക്ട്രോണിക് നിർമ്മാണ കേന്ദ്രമായി അതിവേഗം വളർന്നു കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ജയ്പൂരിൽ ലഘു ഉദ്യോഗ് ഭാരതി സംഘടിപ്പിച്ച ഐഡിയതോൺ 2025 ന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ നിരവധി ദൈനംദിന ഉപയോഗ വസ്തുക്കളുടെ വില കുറയ്ക്കുമെന്നും വ്യാപാരികൾക്കും സമ്പദ്‌വ്യവസ്ഥയ്ക്കും ഏറെ ഗുണം ചെയ്യുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## NEPAL-INTERIM GOVT

നേപ്പാളിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഭരണഘടനാ പരിധിക്കുള്ളിൽ നിന്ന് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുമെന്ന് പ്രസിഡന്റ് രാമചന്ദ്ര പൗഡൽ. നേപ്പാളിൽ ഇടക്കാല സർക്കാർ രൂപീകരണത്തിനുള്ള ശ്രമങ്ങൾ തുടരുകയാണ്. ജെൻ സി പ്രതിഷേധക്കാർ മുൻ ചീഫ് ജസ്റ്റിസ് സുശീല കാർകിയെ പ്രധാനമന്ത്രി പദത്തിലേക്ക് നിർദേശിച്ചിട്ടുണ്ട്. അഴിമതി കേസുകളിൽ ജുഡീഷ്യൽ അന്വേഷണം, എം പി

മാർക്ക് മന്ത്രിപദം നൽകുന്നത് ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങളും പ്രതിഷേധക്കാർ മുന്നോട്ട് വെച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

# NEPAL-DEATH TOLL

അതേസമയം, നേപ്പാളിൽ ഈ മാസം 8 ന് നടന്ന ജെൻ-സി പ്രതിഷേധങ്ങളിൽ മരിച്ചവരുടെ എണ്ണം 30 ആയി. രാജ്യവ്യാപകമായി നടന്ന പ്രതിഷേധങ്ങളിൽ ആയിരത്തിലധികം പേർക്ക് പരിക്ക്. പരിക്കേറ്റവരിൽ 253 പേർ ഇപ്പോഴും ചികിത്സയിലാണ്. സ്ഥിതിഗതികൾ കൈകാര്യം ചെയ്യുന്നതിനായി അടിയന്തര സേവനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ആശുപത്രികൾക്ക് അതീവ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആരോഗ്യ മന്ത്രാലയം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

# NEPAL- M E A

സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകി വിദേശകാര്യമന്ത്രാലയം. സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ നിലവിലെ താമസ സ്ഥലങ്ങളിൽ തുടരണമെന്നും തെരുവുകളിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. നേപ്പാളുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ അതീവ ജാഗ്രതാ നിർദേശവും നൽകിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

# FLIGHTS-NEPAL

നേപ്പാളിലെ സംഘർഷത്തെത്തുടർന്ന് കുടുങ്ങിക്കിടക്കുന്ന ഇന്ത്യയിലേക്കുള്ള യാത്രക്കാരെ തിരിക എത്തിക്കാനായി ഇന്ത്യൻ വിമാനക്കമ്പനികൾ സർവീസ് ആരംഭിക്കും. എയർ ഇന്ത്യയും ഇൻഡിഗോയും ഇതിനായി പ്രത്യേക വിമാന സർവീസുകൾ ആരംഭിക്കും. പ്രത്യേക സാഹചര്യം പരിഗണിച്ച് വിമാനങ്ങൾ പ്രത്യേക നിരക്കിൽ സേവനം നൽകുമെന്ന് വിമാന കമ്പനികൾ അറിയിച്ചു. ഇതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

## NEPAL-CURFEW

സുരക്ഷാ ഉറപ്പാക്കുന്നതിനായി നേപ്പാളിലെ കാഠ്മണ്ഡു, ലളിത്പൂർ, ഭക്തപൂർ ജില്ലകളിൽ നിരോധനാജ്ഞയും കർഫ്യൂവും നീട്ടി. നാളെ രാവിലെ 6 മണി വരെ നിയന്ത്രണങ്ങൾ നീട്ടിയതായി നേപ്പാളി സൈന്യം അറിയിച്ചു. എന്നാൽ, അവശ്യ സേവന വാഹനങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രവർത്തിക്കാവുന്നതാണ്.

## UNICEF REPORT

ഇന്ത്യയിലെ കുട്ടികളിൽ അമിതവണ്ണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വർദ്ധിക്കുന്നതായി യുണിസെഫ്. ന്യൂഡൽഹിയിൽ നടന്ന പരിപാടി യിൽ യൂണിസെഫ് ചീഫ് ഓഫ് ന്യൂട്രീഷനാണ് ഇക്കാര്യം പറഞ്ഞത്. സമഗ്ര ദേശീയ പോഷകാഹാര സർവേ റിപ്പോർട്ടു പ്രകാരം 2030 ഓടെ, ഇന്ത്യയിൽ 27 ദശലക്ഷത്തിലധികം കുട്ടികളും കൗമാരക്കാരും അമിതവണ്ണത്തിന് അടിമയാകും. രാജ്യത്ത് പോഷകാഹാരക്കുറവ് മൂലമുള്ള പ്രശ്നങ്ങൾ ഉണ്ടെന്നും കുട്ടികളിലെ അമിതഭാരം തടയുന്നതിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു.

## SIAM - GADKARI INTRO

ഈ വർഷം അവസാനത്തോടെ രാജ്യത്തെ ലോജിസ്റ്റിക് ചെലവ് 9 ശതമാനമായി കുറയുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സിന്റെ 65-ാമത് അന്താരാഷ്ട്ര കൺവെൻഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ലോജിസ്റ്റിക് ചെലവിൽ ഉണ്ടായ കുറവ് ഗതാഗത മേഖലയെ ഉത്തേജിപ്പിക്കുമെന്നും സ്വയംപര്യാപ്ത ഇന്ത്യ എന്ന ലക്ഷ്യം സാധ്യമാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

## EUROPEAN UNION

രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി മേഖലയ്ക്ക് പുത്തൻ ഉണർവേകി 102 പുതിയ ഫിഷറീസ് സ്ഥാപനങ്ങൾക്ക് കൂടി യൂറോപ്യൻ യൂണിയൻ അംഗീകാരം. അമേരിക്കൻ ചുങ്കമടക്കമുള്ള വെല്ലുവിളികളെ മറികടന്ന് യൂറോപ്യൻ വിപണിയിൽ ശക്തമായി ചുവടുറപ്പിക്കാൻ ഈ തീരുമാനം ഇന്ത്യയ്ക്ക് സഹായകമാകും. പുതിയ നീക്കത്തോടെ യൂറോപ്യൻ യൂണിയൻ അംഗീകാരമുള്ള ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതി സ്ഥാപനങ്ങളുടെ എണ്ണം 538-ൽ നിന്ന് 604 ആയി ഉയർന്നു. കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയലും മന്ത്രാലയ ഉദ്യോഗസ്ഥരും യൂറോപ്യൻ യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് നിർണായക നേട്ടം കൈവരിക്കാനായത്.

## GST REFORMS

പുതു തലമുറ ജിഎസ് ടി പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ ഗാർഹിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് കേന്ദ്ര സർക്കാർ. 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായാണ് നിരക്ക് കുറച്ചിരിക്കുന്നത്. ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ ഉൽപ്പന്നങ്ങൾ ലഭിക്കുന്നത് ആവശ്യകത വർധിപ്പിക്കുകയും, ഇലക്ട്രോണിക്സ് നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്യും.

## PM-UTTARAKHAND

ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ സ്ഥിതിഗതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അവലോകനം ചെയ്തു. ഉത്തരാഖണ്ഡിന് അദ്ദേഹം 1200 കോടി രൂപയുടെ സാമ്പത്തിക സഹായവും പ്രഖ്യാപിച്ചു. വെള്ളപ്പൊക്കത്തിലും മറ്റു ദുരന്തങ്ങളിലും മരിച്ചവരുടെ ഉറ്റവർക്ക് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം നൽകും. ദുരന്തത്തിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് പിഎം കെയേഴ്സ് ഫോർ ചിൽഡ്രൻ പദ്ധതി വഴി സഹായം നൽകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

## AMIT SHAH - FASTRACK EMIGRATION

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാമിന് തുടക്കമായി. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വെർച്വലായി സംവിധാനം ഉദ്ഘാടനം ചെയ്തു. എമിഗ്രേഷൻ നടപടികൾ തടസ്സരഹിതവും വേഗത്തിലും ആക്കുന്നതിന് ഈ സംവിധാനം സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP CRICKET

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശും ഹോങ്കോങ്ങും തമ്മിൽ ഏറ്റുമുട്ടും. അബുദാബിയിലെ ഷെയ്ഖ് സായിദ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ മത്സരത്തിൽ ഇന്ത്യ യുഎഇയെ 9 വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH SINGH

സ്ത്രീ മുന്നേറ്റവും വികസിത ഭാരതമെന്ന ലക്ഷ്യവും മുൻനിർത്തി ലോകത്തെ ആദ്യത്തെ ത്രിസേന വനിതാ സമുദ്ര പര്യവേക്ഷണമായ 'സമുദ്ര പ്രദക്ഷിണം' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വെർച്വലായി ഉദ്ഘാടനം ചെയ്തു. മുംബൈയിലെ ഗേറ്റ്‌വേ ഓഫ് ഇന്ത്യയിൽ നിന്ന് ആരംഭിച്ച യാത്രാ സംഘത്തിൽ 10 വനിതാ ഓഫീസർമാരാണുള്ളത്. ഒൻപത് മാസത്തിനുള്ളിൽ, ഇന്ത്യൻ ആർമിയുടെ തദ്ദേശീയ നാവിക കപ്പലായ ത്രിവേണിയിൽ സംഘം ഏകദേശം 26,000 നോട്ടിക്കൽ മൈൽ സഞ്ചരിക്കും. ആത്മനിർഭർ ഭാരത് ദർശനത്തിന്റെയും സൈനിക നയതന്ത്ര ത്തിൻ്റേയും വിജയമാണിതെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## AMOEBIC FEVER

സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. മലപ്പുറം ചേലമ്പ്ര സ്വദേശി ഷാജിയാണ് മരിച്ചത്. രണ്ടാഴ്ചയായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാ യിരുന്നു. നിലവിൽ മൂന്ന് കുട്ടികൾ ഉൾപ്പെടെ പത്ത് പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP HOCKEY

വനിതാ- എഷ്യാകപ്പ് ഹോക്കിയിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്നലെ നടന്ന സൂപ്പർ 4-ലെ ആദ്യ മത്സരത്തിൽ രണ്ടിനെതിരെ നാല് ഗോളുകൾക്ക് ഇന്ത്യ ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## INVESTOR SUMMIT

ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിട്ടുള്ള മലപ്പുറം നിക്ഷേപക സംഗമം ഇന്ന് വ്യവസായമന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. മലപ്പുറം ജില്ലയിൽ നിന്ന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്തവരും, ജില്ലയിൽ 20 കോടിയിൽ അധികം നിക്ഷേപം നടത്തുന്നവരുമായ വ്യവസായികളുടെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൻറെ സഹായത്തോടെയാണ് സംരംഭകർ ഒത്തുചേരുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## INCOME TAX RETURN

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## CHARLIE KIRK - PROBE

യുഎസിൽ, പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ അടുത്ത അനുയായിയും പോഡ്കാസ്റ്റ്-റേഡിയോ കമൻറേറ്ററുമായ ചാർളി കിർക്കിനെ വെടിവച്ചയാൾക്കായുള്ള തിരച്ചിൽ ഊർജ്ജിതം. ഇന്നലെയാണ് 31 കാരനായ കിർക്ക് ഉട്ടായിലെ ഒരു സർവകലാശാല പരിപാടിക്കിടെ വെടിയേറ്റ് മരിച്ചത്. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## SHEKAHWAT - GYAN BHARATAM

ഗ്യാൻ ഭാരതം അന്താരാഷ്ട്ര സമ്മേളനം കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യു. ഇന്ത്യയുടെ കൈയെഴുത്തുരേഖാ പൈതൃകം സംരക്ഷിക്കുന്നതിനും ഡിജിറ്റൈസേഷൻ പ്രചരിപ്പിക്കുന്നതിനുമായുള്ള ദേശീയ സംരംഭമാണ് ഗ്യാൻ ഭാരതം. ഇതിനായി 25 ക്ലസ്റ്ററുകൾ, 20 പ്രാദേശിക കേന്ദ്രങ്ങൾ, പത്ത് മികവിൻറെ കേന്ദ്രങ്ങൾ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## INDIA - ADB UTTARAKHAND

ഉത്തരാഖണ്ഡിലെ സുസ്ഥിര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കുമായി 126 ദശലക്ഷം ഡോളറിൻറെ വായ്പ്പാ കരാറിൽ ഒപ്പുവച്ച് ഇന്ത്യ. ഉത്തരാഖണ്ഡിലെ ഏറ്റവുമധികം കാലാവസ്ഥാ വ്യതിയാന ഭീഷണി നേരിടുന്നതും പിന്നാക്കം നിൽക്കുന്നതുമായ പ്രദേശങ്ങളിലൊന്നായ തെഹ്‌രി ഗർവാൾ ജില്ലയെയാണ് പദ്ധതി ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര ധനമന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## MEA - RUSSIAN ARMY

റഷ്യൻ സേനയിൽ ചേരാനുള്ള തൊഴിൽ വാഗ്ദാനത്തിൽ നിന്ന് ഇന്ത്യാക്കാർ വിട്ടു നിൽക്കണമെന്ന് കേന്ദ്ര സർക്കാർ. റഷ്യൻ സേനയിലേക്ക് ഇന്ത്യക്കാരെ അടുത്തിടെ നിയമിച്ച തരത്തിൽ പുറത്തുവന്ന മാധ്യമ റിപ്പോർട്ടുകളോട് പ്രതികരിക്കവെ വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാളാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യാക്കാരെ റഷ്യൻ സൈന്യത്തിലേക്ക് നിയമിക്കുന്ന വിഷയം ഗൗരവത്തോടെയാണ് കാണുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് റഷ്യൻ അധികൃതരുമായി ചർച്ച നടത്തിയതായും ശ്രീ രൺധീർ ജയ്സ്വാൾ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## VAISHNAW APPLE TRAINS

കശ്മീർ താഴ്‌വരയിലെ ബദ്ഗാമിൽ നിന്ന് ഡൽഹിയിലെ ആദർശ് നഗർ സ്റ്റേഷനിലേക്ക് പാഴ്സൽ ട്രെയിൻ സർവീസ് ആരംഭിക്കുന്നതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. വ്യാപാരികൾക്കും കർഷകർക്കും ശനിയാഴ്ച മുതൽ ആരംഭിക്കുന്ന ട്രയിനിലെ പാഴ്സൽ വാൻ ഓൺലൈനായി ബുക്ക് ചെയ്യാൻ സൗകര്യമുണ്ടാകും. 8 പാഴ്സൽ വാൻ

ഉൾപ്പെടുന്ന ട്രെയിൻ രാവിലെ 6:15 ന് ബദ്ഗാം റെയിൽവേ സ്റ്റേഷനിൽ നിന്ന് പുറപ്പെട്ട് അടുത്ത ദിവസം രാവിലെ 5:00 ന് ആദർശ് നഗർ റെയിൽവേ സ്റ്റേഷനിൽ എത്തും.

☸☸☸☸☸☸☸☸☸☸☸☸☸

## GADKARI - BIO ENERGY CONFERENCE

പഞ്ചസാര വ്യവസായം രാജ്യത്തിൻറെ നട്ടെല്ലെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഇന്ത്യ ഷുഗർ ആൻഡ് ബയോ-എനർജി കോൺഫറൻസിൻറെ മൂന്നാം പതിപ്പിൽ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷിക്കൊപ്പം പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വായു മലിനീകരണം നിയന്ത്രിക്കുന്നതിന് ഫോസിൽ ഇന്ധനത്തിൻറെ ഇറക്കുമതി കുറയ്ക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 20 ശതമാനം എഥനോൾ മിശ്രിതത്തിലൂടെ ഇന്ത്യയുടെ ബയോ എനർജി മേഖലയുടെ പ്രാധാന്യം വർധിച്ചതായും ശ്രീ ഗഡ്കരി പറഞ്ഞു. കഴിഞ്ഞ പതിനൊന്ന് വർഷമായി രാജ്യത്തെ എഥനോൾ മിശ്രിതം 1.5 ശതമാനത്തിൽ നിന്ന് 20 ശതമാനമായി വർദ്ധിച്ചതായി ശ്രീ പ്രൽഹാദ് ജോഷി വ്യക്തമാക്കി. കരിമ്പ് ഒരു പരമ്പരാഗത വിളയിൽ നിന്ന് തന്ത്രപരമായ സാമ്പത്തിക, ഊർജ്ജ ആസ്തിയായി പരിണമിച്ചതായും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸

☸☸☸☸☸